# ഗ്രന്ഥപ്പുരയുടെ കേരളത്തിലെ ആദ്യ കേന്ദ്രം തലസ്ഥാനത്ത്

24 August 2024, 02:00 AM IST

1 min read

Read later Share More

**തിരുവനന്തപുരം** : കേരള രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്ന ഗ്രന്ഥപ്പുര എന്ന സന്നദ്ധസംഘടനയുടെ സംസ്ഥാനത്തെ ആദ്യകേന്ദ്രം തിരുവനന്തപുരത്ത് പ്രവർത്തനം തുടങ്ങുന്നു.

To advertise here, Contact Us

പി.ഗോവിന്ദപ്പിള്ളയുടെ സ്മാരകമായി സുഭാഷ് നഗറിലെ വസതിയിൽ പ്രവർത്തിക്കുന്ന പി.ഗോവിന്ദപ്പിള്ള റഫറൻസ് ലൈബ്രറിയിലാണ് കേന്ദ്രം പ്രവർത്തനം തുടങ്ങുന്നത്. ഇതിന്റെ ഉദ്ഘാടനം ഞായറാഴ്ച വൈകുന്നേരം മൂന്നരയ്ക്ക് മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കും.

ബെംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഗ്രന്ഥപ്പുര' ഇതിനകം ആയിരക്കണക്കിന് കേരള രേഖകൾ ഡിജിറ്റൈസ്ചെയ്തു കഴിഞ്ഞു. പി.ഗോവിന്ദപ്പിള്ളയുടെ ശേഖരത്തിലെ രേഖകൾ ഡിജിറ്റൈസ് ചെയ്തുകൊണ്ടാണ് തിരുവനന്തപുരം കേന്ദ്രം പ്രവർത്തനം തുടങ്ങുന്നത്.

ഒപ്പം മറ്റിടങ്ങളിൽ നിന്ന് ലഭിക്കുന്ന രേഖകളെല്ലാം ഡിജിറ്റലായി സംരക്ഷിക്കുന്ന പ്രവർത്തനം ഏറ്റെടുക്കും.

ആർ.പാർവതീദേവി, എം.ജി.രാധാകൃഷ്ണൻ, ഗ്രന്ഥപ്പുര കോഡിനേറ്റർ ഷിജു അലക്സ് എന്നിവർ പങ്കെടുക്കും. രേഖകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിരൂപകൻ ഡോ. പി.കെ.രാജശേഖരൻ ചർച്ച നയിക്കും.

Like 0

മാതൃഭൂമി.കോം വാട്സാപ്പിലും Follow Channel

Share this Article

Add Comment

Related Topics

THIRUVANANTHAPURAM THIRUVANANTHAPURAM